# CHRONICLES

LITTLE KITES E PAPER - GHSS MUNDERI

2025 JUNE EDITION

little KITEs


# പ്രവേശനോത്സവം

## 'ഒന്നിച്ച് ഒന്നായ് ഒന്നാവാം'




ഗവ. ഹയർ സെക്കണ്ടറി സ്കൂൾ മുണ്ടേരി പ്രവേശനോത്സവം ഭംഗിയായി ആഘോഷിച്ചു. മുദ്ര വിദ്യാഭ്യാസ സമിതി ചെയർമാൻ ശ്രീ. കെ. കെ. രാഗേഷ് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ മുണ്ടേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എ. അനിഷ അധ്യക്ഷത വഹിച്ചു.

ഉദ്ഘാടന ചടങ്ങിന് ശേഷം കുട്ടികളെ പുസ്തകവും മധുരവും വിതരണം ചെയ്ത് സ്വീകരിച്ചു.

# പരിസ്ഥിതി ദിനാഘോഷം

ലോക പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മുണ്ടേരി ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പരിസ്ഥിതി ദിന ജില്ലാതല പരിപാടി സംഘടിപ്പിച്ചു. അസിസ്റ്റന്റ് കളക്ടർ എഹ്തെദ മുഫസ്സർ ഐ എ എസ് ഉദ്ഘാടനം ചെയ്തു. എസ് പി സി യുടെ നേതൃത്വത്തിൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ, പരിസ്ഥിതി ദിന സന്ദേശം, പ്രതിജ്ഞ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു.





# ബാലവേല വിരുദ്ധ ദിനം

ബാലവേല വിരുദ്ധ ദിനത്തിന്റെ ഭാഗമായി ജി എച് എസ് എസ് മുണ്ടേരി എസ് പി സി കേഡറ്റുകൾ തയ്യാറാക്കിയ പോസ്റ്ററുകൾ ഹെഡ്മാസ്റ്റർ വേണുമാസ്റ്റർ ബാലവേല വിരുദ്ധ ദിന സന്ദേശം നൽകി ഉൽഘാടനം ചെയ്തു.





## മുണ്ടേരിയിൽ മുദ്ര വിദ്യാഭ്യാസ പരിപാടിയിൽ മുദ്രാകിരണം സിവിൽ സർവ്വീസ് പരിശീലന പരിപാടി ആരംഭിക്കുന്നു.





കണ്ണൂർ: മുദ്രാ വിദ്യാഭ്യാസ പരിപാടിയിൽ മുദ്രകിരണം സിവിൽ സർവീസ് പരിശീലന പരിപാടി മുണ്ടേരി ഹയർ സെക്കൻ്ററി സ്കൂളിൽ ആരംഭിക്കുന്നു. സംസ്ഥാന ഗവർമെന്റ് സിവിൽ സർവ്വീസ് അക്കാദമിയാണ് പരിശീലന പരിപാടി ഏറ്റെടുത്തിട്ടുള്ളത്. മുദ്രാ വിദ്യാഭ്യാസ പരിപാടിയുമായി സഹകരിച്ചാണ് മുദ്രാ കിരണം സിവിൽ സർവീസ് പരിശീലന പദ്ധതി ആരംഭിക്കുന്നത്. മുദ്രാ വിദ്യാഭ്യാസ സമിതി ചെയർമാൻ കെ.കെ രാഗേഷ് മുൻ എം.പി യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പദ്ധതി പുരോഗതി വിലയിരുത്തി. കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.കെ. രത്നകുമാരി, മുണ്ടേരി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എ. അനിഷ, ജില്ലാ പഞ്ചായത്ത് സ്റ്റാൻ്റിങ് കമ്മിറ്റി ചെയർമാൻ വി.കെ സുരേഷ് ബാബു ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് എ. പങ്കജാക്ഷൻ തുടങ്ങിയവർ സംസാരിച്ചു. കേരള സിവിൽ സർവീസ് അക്കാദമി കോർഡിനേറ്റർ ശിവകുമാർ കെ പദ്ധതി വിശദീകരിച്ചു. ഡെപ്യൂട്ടി കലക്ടർ അനീഷ് എം.കെ, സ്കൂൾ പ്രിൻസിപ്പാൾ മാനോജ് കുമാർ, കരിയർ ഗൈഡൻസ് ജില്ലാ കോർഡിനേറ്റർ ഡോ.രാജേഷ് ബാബു. കെ.ആർ, പി ടി എ പ്രസിഡണ്ട് സി.പി.അശ്രഫ്, സി.ലത, ഉമേഷ്.കെ, കെ. രമേശൻ, പി.സി. ആസിഫ് എന്നിവർ സംസാരിച്ചു. മുദ്രാ ജനറൽ കൺവീനർ പി.പി ബാബു സ്വാഗതവും ഹെഡ്മാസ്റ്റർ കെ.വേണു നന്ദിയും പറഞ്ഞു. ജൂലായ് ആദ്യവാരത്തിൽ പരിശീലനം മുണ്ടേരി ഗവ: ഹയർ സെക്കൻ്ററി സ്കൂൾ മുദ്രാ വീഡിയോ കോൺഫ്രൻസ് ഹാളിൽ ആരംഭിക്കും.

# കൊച്ചിൻ ഷിപ്പ് യാർഡുമായി ധാരാണാപത്രം ഒപ്പിട്ടു മുണ്ടേരി സ്കൂൾ



മുദ്ര വിദ്യാഭ്യാസ പരിപാടിയിൽ മുണ്ടേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് കൊച്ചിൻ ഷിപ്പിയാർഡ് അനുവദിച്ച 20 ലക്ഷം രൂപയുടെ ധാരണപത്രം കണ്ണൂർ ജില്ലാ പഞ്ചായത്തിൽ, മുൻ എം.പി. കെ കെ രാഗേഷിന്റെ സാന്നിധ്യത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. കെ രത്നകുമാരിക്ക് കൈമാറുന്നു.



# വായന ദിനം

വായനദിനത്തോടനുബന്ധിച്ച് നടന്ന പ്രത്യേക അസ്സംബ്ലിയിൽ വായനദിന പ്രതിജ്ഞ ചൊല്ലി. വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം നടന്നു. വിവിധ ഭാഷാ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ റീൽസ് നിർമ്മാണ മത്സരം സംഘടിപ്പിച്ചു. സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വാർത്ത വായന മത്സരം നടന്നു. അറബിക് ക്ലബ്ബ് സംഘടിപ്പിച്ച ബുക്സ് ഗിവ് അവായ് ശ്രദ്ധേയമായി.







# വായന ദിനാചരണവും വിദ്യാരംഗം ക്ലബ്ബ് ഉദ്ഘാടനവും







പ്രശസ്ത മലയാള കവി ശ്രീ. ദിവാകരൻ വിഷ്ണുമംഗലം മുണ്ടേരി ഹൈസ്കൂൾ വിദ്യാരംഗം ക്ലബ്ബ് ഉദ്ഘാടനം ചെയ്തു. തുടർന്ന് പി എൻ പണിക്കർ അനുസ്മരണ പ്രഭാഷണവും മികച്ച വായനക്കാർക്കുള്ള പുരസ്കാര വിതരണവും ക്ലാസ്സ്തല വായനദിന പതിപ്പ് പ്രകാശനവും നടന്നു.

## ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ



## എസ് പി സി സെലെക്ഷൻ ടെസ്റ്റ്









# ക്ലബ്ബ് രൂപീകരണം









വിവിധ ക്ലബ്ബുകൾ രൂപീകരിച്ച് അംഗങ്ങളുമായുള്ള മീറ്റിംഗ് നടന്നു. കുട്ടികളിൽ നിന്നും കൺവീനർ, ജോയിന്റ് കൺവീനർ, ട്രഷറർ എന്നിവരെ തിരഞ്ഞെടുത്തു.

# സമഗ്ര പോർട്ടൽ പരിശീലനം

ഹൈടെക് ക്ലാസ്സ് റൂമുകൾ പ്രവർത്തിക്കുന്ന ജി എച്ച് എസ് എസ് മുണ്ടേരിയിലെ അധ്യാപകർക്കുള്ള പ്രത്യേക സമഗ്ര പോർട്ടൽ പരിശീലനം ജൂൺ 23, 24 തീയതികളിൽ രണ്ട് അർദ്ധ ദിനങ്ങളിലായി സ്കൂൾ ഐ ടി ലാബിൽ വച്ചു നടന്നു. കൈറ്റ് മാസ്റ്റർ ട്രൈനർമാരായ സിന്ധു എ, സജിത്ത്, നജ്മുന്നീസ എ പി എന്നിവരാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്.




# എട്ടാം തരം രക്ഷാകർത്തൃ യോഗം






എട്ടാം തരം വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കുള്ള ആദ്യ പി ടി എ യോഗം സ്കൂൾ കോൺഫറൻസ് ഹാളിൽ നടന്നു.

# അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം




ലഹരിക്കെതിരെ വിവിധ ക്ലബ്ബുകളുടെയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ വ്യത്യസ്തമായ പരിപാടികൾ നടന്നു.






# അഭിനന്ദനങ്ങൾ





























SCHOOL WIKI
IT @ School

Scan the Instagram QR code to explore all our videos.